(എഫ്) അനുരഞ്ജന ചർച്ചയിൽ ഒത്തുതീർപ്പിലെത്താൻ സാധിക്കാത്തതിനാൽ കേരള കാർഷിക തൊഴിലാളി നിയമം 1974 വകുപ്പ് 22 (3) പ്രകാരം മേൽ നടപടിക്കായി അഗ്രിക്കൾച്ചറൽ ട്രൈബ്യൂണലിന് (തിരുവനന്തപുരം ജില്ലാ കളക്ടർക്ക്) നൽകിയിട്ടുണ്ട്.

(ജി) ടി കാലയളവിൽ ലഭിച്ച 2 പരാതികളിന്മേൽ നടപടി തുടരുന്നു. അനുരഞ്ജന ചർച്ച പരാജയപ്പെടുകയാണെങ്കിൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനോ ലേബർ കോടതിക്കോ റഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(എച്ച്) ഇല്ല.

(ഐ) ബാധകമല്ല.

(ജെ) ഇല്ല.

(കെ) ബാധകമല്ല.

ചിക്കോപ്സിന്റെ പുനഃസംഘടന

78 (5483) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിക്കോപ്സിന്റെ പുനഃസംഘടന സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ബി) ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) പുനഃസംഘടന സംബന്ധിച്ച നിലവിലെ തടസ്സങ്ങൾ എന്തൊക്കെ എന്ന് വിശദീകരിക്കുമോ ;

(ഡി) നിലവിലെ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ചിക്കോപ്സിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി നികുതി (എക്സൈസ്) വകുപ്പിന്റെ കീഴിൽ മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് വിദേശമദ്യ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പുനരുദ്ധാരണ പാക്കേജ് സമർപ്പിക്കുന്നതിനായി കിറ്റ്കോയെ ചുമതലപ്പെടുത്തുകയും കിറ്റ്കോ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചിക്കോപ്സിനെ നികുതി വകുപ്പിന്റെ കീഴിൽ കൊണ്ടുവരികയും വിദേശമദ്യ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് G.O. (Rt) 1008/08/TD നമ്പർ ഉത്തരവ് പ്രകാരം തീരുമാനിക്കുകയും ചെയ്തു. പുതിയ കമ്പനിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ശ്രീ. റൊമാനസ് ഹൊറൊ, ഐ.എ.എസ്.

LIBRARY ARCHIVES Kerala Legislative Assembly

(റിട്ട.)-നെ കൺസൾട്ടന്റായി നിയമിച്ചു. വിദേശമദ്യ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് ഒരു പുതിയ കമ്പനി രൂപവൽക്കരിക്കാൻ G.O.(MS)84/09/TD നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചു. ഇതനുസരിച്ച് മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്ന പേരിൽ 16-6-2009-ൽ പുതിയ കമ്പനി രൂപീകൃതമായി. 5-4-2010-ലെ G.O.(MS)99/10/TD നമ്പർ ഉത്തരവ് പ്രകാരം ചിക്കോപ്സിന്റെ അധീനതയിലുള്ള സ്ഥലവും കെട്ടിടങ്ങളും 3 ഏക്കർ ഒഴികെ പുതിയ കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചു. ചിക്കോപ്സിന്റെ ഉപയോഗശൂന്യമായ യന്ത്രസാമഗ്രികൾ 'SILK-ന്' 2.45 കോടി രൂപയ്ക്ക് വിൽക്കുന്നതിന് 6-3-2010-ലെ G.O.(MS)57/10/TD നമ്പർ ഉത്തരവ് പ്രകാരം തീരുമാനമെടുക്കുകയുണ്ടായി. 6-5-2010-ലെ G.O.(MS)119/10/TD നമ്പർ ഉത്തരവ് പ്രകാരം ചിക്കോപ്സിലെ ശേഷിക്കുന്ന 103 ജീവനക്കാരെ പുതിയ കമ്പനിയിലേക്ക് ഏറ്റെടുക്കുവാൻ തീരുമാനമായി.

(സി) പുനഃസംഘടനയ്ക്ക് സാങ്കേതികമായ തടസ്സങ്ങൾ ഒന്നും തന്നെയില്ല.

(ഡി) എത്രയുംവേഗം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

എക്സൈസ് വകുപ്പിലെ ആധുനികവൽക്കരണം

79 (5484) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സാജുപോൾ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ആധുനിക വൽക്കരണത്തിന്റെ ഭാഗമായി വാങ്ങിയ വാഹനങ്ങളുടെയും ഉപകരണങ്ങളുടേയും വിശദാംശം നൽകുമോ ;

(സി) 10 വർഷത്തിന്മേൽ പഴക്കമുള്ള എല്ലാ വാഹനങ്ങളും മാറ്റി പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ ;

(ഡി) എക്സൈസ് ഉദ്യോഗസ്ഥർക്ക് പിസ്റ്റളും മറ്റ് ആധുനിക ഉപകരണങ്ങളും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) 2006 വർഷം മുതൽ ഈ സർക്കാർ എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് ചെലവഴിച്ചത് ആകെ 7,64,38,900 രൂപയാണ്. ആയത് താഴെ പറയുംപ്രകാരമാണ്,

LIBRARY ARCHIVES Kerala Legislative Assembly